MONDAY 16-05-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/05/2022.

1. തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉത്പാദിപ്പിച്ച നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യുകൾച്ചർ വാഴതൈകൾ തൈ ഒന്നിന് 20 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2413739** എന്ന ഫോൺ നമ്പരിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

2. പാൽവില വർദ്ധിപ്പിക്കണമെന്നത് ഉൾപ്പെടെ ആവശ്യപ്പെട്ട് ക്ഷീരകർഷകരുടെ വിവിധ സംഘടനകൾ ഉന്നയിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിൽ സംസ്ഥാനത്തെ മിൽമ ഫെഡറേഷന്റെയും മേഖല ക്ഷീരോത്പ്പാദക യൂണിയന്റെയും ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരുടെയും സംയുക്തയോഗം ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ ചേർന്നു. മിൽമയുടെ മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തി കൂടുതൽ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കി എല്ലാ മേഖലകളിലും വ്യാപിപ്പിച്ച് അതിലൂടെ ലഭിക്കുന്ന ലാഭവിഹിതവും കർഷകർക്ക് നൽകുന്ന നടപടികളും സ്വീകരിക്കുമെന്നും യോഗത്തിൽ തീരുമാനമായി.

3. സംസ്ഥാന സർക്കാരിന്റെ ഒന്നാംവാർഷികത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിൽ വച്ച് **നാളെ വരെ** (മെയ് 17 വരെ) നടക്കുന്ന പ്രദർശന വിപണന മേളയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ സ്റ്റാളിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിരിക്കുന്നു. താൽപര്യമുള്ളവർ മണ്ണ് സാമ്പിളുകൾ സ്റ്റാളിൽ എത്തിക്കണമെന്ന് മണ്ണ് പര്യവേഷണ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. പരിശോധനാഫലത്തോടൊപ്പം ഓരോ വിളകൾക്കും അനുയോജ്യമായ വളപ്രയോഗ ശുപാർശകൾ അടങ്ങിയ മണ്ണാരോഗ്യകാർഡ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0468-2323105** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും രണ്ട് മാസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 140 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ

**0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

5. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഉത്പാദിപ്പിക്കുന്ന വിവിധ ചിക്കൻ ഉത്പന്നങ്ങൾ വിൽക്കുന്നതിന് തിരുവനന്തപുരം നഗരത്തിലെ പ്രധാന സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രം ഈ **മാസം 18** (മേയ് 18) മുതൽ ആരംഭിക്കുന്നു. കെപ്കോ ഉത്പന്നങ്ങൾ സെക്രട്ടറിയേറ്റിൽ വൈകിട്ട് 3.30 മുതൽ 4 വരെയും വികാസ്ഭവനിൽ വൈകിട്ട് 4.15 മുതൽ 5.15 വരെയും വഴുതയ്ക്കാട് വൈകിട്ട് 5.30 മുതൽ 6 വരെയും ഓഫീസ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000924, 9074893474** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്നിൽ 2022 ലെ പാൽക്കാർഡ് ലഭിക്കുന്നതിനായി 2021 നവംബർ, ഡിസംബർ മാസങ്ങളിൽ അപേക്ഷ നൽകിയിട്ടും പാൽക്കാർഡ് ലഭിക്കാത്ത ഗുണഭോക്താക്കൾക്കുള്ള പാൽക്കാർഡ് വിതരണം **ഈ മാസം 16 മുതൽ 21 വരെ** (മെയ് 16 മുതൽ 21 വരെ) ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെ നൽകുന്നു. അപേക്ഷകർ റേഷൻ കാർഡ്, ടോക്കൺ എന്നിവ സഹിതം ഹാജരാകേണ്ടതാണ്. അവധി ദിവസങ്ങളിൽ മാത്രം പാൽ ആവശ്യമുള്ള അപേക്ഷകർക്ക് ഹോളിഡേ കാർഡ് വിതരണവും ഇതേ ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് എല്ലാ ദിവസവും രാവിലെ 7.30 മുതൽ 7.45 വരെയും വൈകുന്നേരം 3.15 മുതൽ 3.30 വരെയും ഫാം മിൽക്ക് ബൂത്തിൽ നിന്നും ഒരു ലിറ്ററിന് 46 രൂപ നിരക്കിൽ പാൽ വാങ്ങുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. മലബാറിന്റെ തനതായ കാർഷിക സംസ്കാരം വിളിച്ചോതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഒരുക്കിയിരിക്കുന്ന സ്റ്റാളുകളും കാലാവസ്ഥ അനുസൃത കൃഷിയുടെ പ്രദർശന തീം പാർക്കും മലപ്പുറം തിരൂരിലെ **എന്റെ കേരളം പ്രദർശന വിപണന മേള**യുടെ പ്രധാന ആകർഷണമായി. കാർഷിക വിളകൾക്ക് ഒപ്പം മൃഗപരിപാലനം മത്സ്യ കൃഷി , തേനീച്ച വളർത്തൽ, ജലസംഭരണി തുടങ്ങിയവ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉൾകൊള്ളുന്ന ഒരു ജൈവ ഗൃഹം മാതൃകയിൽ ആണ് തീം ഏരിയ ഒരുകിയിരിക്കുന്നത്. കവുങ്ങ് തെങ്ങ് സപ്പോട്ട, സീതപ്പഴം കുടംപുളി കറിവേപ്പ് പേര, കുരുമുളക്, വെസ്റ്റ് ഇന്ത്യൻ ചെറി തുടങ്ങി ഒട്ടനവധി നടീൽ വസ്തുക്കളുമായി മലപ്പുറം ജില്ലാ കൃഷിതോട്ടവും മേളയുടെ ഭാഗമാണ്. ആധുനിക കൃഷി രീതികൾ, കൃത്യതാ കൃഷി ജലസേചന മാതൃകകൾ, ഗ്രോബാഗ് കൃഷി, കൂൺ കൃഷി മുതലായ കാർഷിക അറിവുകളും ഇവിടെ നിന്നും ലഭിക്കും. കൃഷിഭവന്റെ സേവനങ്ങളും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള കൃഷിരീതികളും ജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നുണ്ട്. മേളയോടനുബന്ധിച്ച് വിവിധ കാർഷിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള സെമിനാറുകളും കർഷക സാന്നിധ്യം കൊണ്ട് ശ്രദ്ധേയമാണ്. കൃഷി വകുപ്പിന്റെയും സംസ്ഥാന സർക്കാറിന്റെയും അഭിമാന പദ്ധതിയായ 'ഞങ്ങളും കൃഷിയിലേക്ക്' മേളയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ്. ഈ പദ്ധതിയുടെ ആശയത്തിൽ ഊന്നി കൃഷിവകുപ്പ് ഒരുക്കിയ വിവിധ സ്റ്റാളുകളോടൊപ്പം മണ്ണ് ജല സംരക്ഷണ കേന്ദ്രം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സ്റ്റാളുകൾ, എല്ലാ കാർഷിക പദ്ധതികളുടെയും വിശദവിവരങ്ങളും നൽകുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാണ്. കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും പരിചയപ്പെടുത്തി അഗ്രോ എൻജിനീയറിങ്ങ് വിഭാഗവും ഉണ്ട്. മൃഗ സംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും മൃഗസംരക്ഷണമേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനായി സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ കേരള കാർഷിക സർവ്വകലാശാല, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, തവനൂർ കൃഷി വിജ്ഞാൻ കേന്ദ്ര, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, മുണ്ടേരി കേരള സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കാർഷിക സർവീസ് സൊസൈറ്റികൾ, കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും പരിചയപ്പെടുത്തി അഗ്രോ എൻജിനീയറിങ്ങ് വിഭാഗം, കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജി വിഭാഗം, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, മലപ്പുറം ആത്മ എന്നിവയുടെ സേവനങ്ങളും ജാം, ജെല്ലി, സ്ക്വാഷ്, മിഠായികൾ, അച്ചാറ്, വിവിധയിനം നടീൽ വസ്തുക്കൾ, മണ്ണിരകമ്പോസ്റ്റ് തുടങ്ങി ഒട്ടനവധി ഉത്പന്നങ്ങളും കൊണ്ട് മേള ശ്രദ്ധേയമാകുന്നു. നവ സംരംഭകരെ ആകർഷിക്കുന്നതിനായി വിപുലമായ രീതിയിലാണ് സ്റ്റാൾ സജ്ജീകരിച്ചിരിക്കുന്നത്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

8. കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതി പ്രകാരം നടപ്പിലാക്കുന്ന **ആനന്ദഗ്രാമം പദ്ധതി**യിലേയ്ക്ക് മൃഗസംരക്ഷണ മേഖലയിൽ **പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ** എന്നിവ മുഖ്യതൊഴിലായോ, ഉപതൊഴിലായോ നടത്തുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും ഗ്രൂപ്പുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ **ഈ മാസം 25-ന് (മേയ് 25)** മുമ്പായി കാട്ടാക്കട വെറ്ററിനറി ഹോസ്പിറ്റലിൽ സമർപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും **9447863474** എന്ന നമ്പരിൽ കാട്ടാക്കട സീനിയർ വെറ്ററിനറി സർജനുമായി ബന്ധപ്പെടുക.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **18,19 തീയതികളിൽ ഓമനപ്പക്ഷി പരിപാലനം, 23,24 തീയതികളിൽ മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം